**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3696** **12-03-2025 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി ആർ.ടി.ഒ. സബ് ഓഫീസിൽ എം.വി.ഐ. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി ആർ.ടി.ഒ. സബ് ഓഫീസ് പ്രവർത്തനം ആരംഭിച്ചത് എന്ന് മുതലാണ് എന്നും നിലവിൽ ഏതെല്ലാം തസ്തികകളാണ് ഇവിടെ ഉള്ളത് എന്നും വ്യക്തമാക്കുമോ; ഈ ഓഫീസിൽ 2021 മുതൽ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി സബ് ആർ.ടി. ഓഫീസ് പ്രവർത്തനം ആരംഭിച്ചത് 20.10.2020 മുതലാണ്. നിലവിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക്/പബ്ലിക് റിലേഷൻസ് ഓഫീസർ, ക്ലാർക്ക് എന്നീ തസ്തികകളാണ് ഉള്ളത്.<br><br>പ്രസ്തുത ഓഫീസിൽ 2021 മുതൽ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു: |

| വർഷം | രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങളുടെ എണ്ണം |
|---|---|
| 2021 | 4451 |
| 2022 | 9337 |
| 2023 | 10421 |
| 2024 | 11517 |

| | | | |
|---|---|---|---|
| (ബി) | ഡ്രൈവിംങ് ടെസ്റ്റ് നടത്തുന്നതിന് ഇവിടെ എത്ര അപേക്ഷകൾ പെൻഡിംങ് ഉണ്ടെന്നും 2024 ജനുവരി മുതൽ 2025 ഫെബ്രുവരി 1 വരെ ഒരോ മാസവും എത്ര ഡ്രൈവിങ് ടെസ്റ്റുകൾ ഇവിടെ നടത്തിയിട്ടുണ്ട് എന്നും മാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് 2514 അപേക്ഷകൾ പെൻഡിംഗ് ഉണ്ട്.<br><br>2024 ജനുവരി മുതൽ 2025 ഫെബ്രുവരി 1 വരെ പ്രതിമാസം നടത്തിയ ഡ്രൈവിംഗ് ടെസ്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു: |

| ക്രമ. നം. | വർഷം | മാസം | നടത്തിയ ഡ്രൈവിംഗ് ടെസ്റ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | 2024 | ജനുവരി | 2045 |
| 2 | 2024 | ഫെബ്രുവരി | 1913 |
| 3 | 2024 | മാർച്ച് | 2014 |
| 4 | 2024 | ഏപ്രിൽ | 1803 |
| 5 | 2024 | മേയ് | 1354 |
| 6 | 2024 | ജൂൺ | 2140 |
| 7 | 2024 | ജൂലൈ | 1944 |
| 8 | 2024 | ആഗസ്റ്റ് | 1214 |

| | | | |
|---|---|---|---|
| 9 | 2024 | സെപ്റ്റംബർ | 1881 |
| 10 | 2024 | ഒക്ടോബർ | 1814 |
| 11 | 2024 | നവംബർ | 1711 |
| 12 | 2024 | ഡിസംബർ | 1621 |
| 13 | 2025 | ജനുവരി | 1389 |

| | | | |
|---|---|---|---|
| (സി) | എം.വി.ഐ. തസ്തികയിൽ ഒരാൾ മാത്രം ഉള്ളത് കൊണ്ട് ദിവസം എത്ര പേർക്കാണ് ഇപ്പോൾ ടെസ്റ്റിന് അനുമതി നൽകുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ദിവസം 40 പേർക്കാണ് ഇപ്പോൾ ടെസ്റ്റിന് അനുമതി നൽകുന്നത്. |
| (ഡി) | ഈ ഓഫിസിന്റെ ഉണഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് അധികമായി ഒരു എം.വി.ഐ.-ക്ക് കൂടി സ്ഥിരം നിയമനമോ, അല്ലെങ്കിൽ താൽക്കാലിക അടിസ്ഥാനത്തിലുള്ള നിയമനമോ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കൊണ്ടോട്ടി സബ് ആർ.ടി. ഓഫീസ് ഉൾപ്പെടെ പുതുതായി രൂപീകൃതമായ 13 സബ് ആർ.ടി. ഓഫീസുകളിലേക്ക് എം.വി.ഐ ഉൾപ്പെടെയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.<br><br>കൂടാതെ, ഉണഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് നിലവിൽ ഒരു എ.എം.വി.ഐ-യെ മലപ്പുറം എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസിൽ നിന്നും താത്കാലികമായി കൊണ്ടോട്ടി സബ് ആർ.ടി. ഓഫീസിലേക്ക് അറ്റാച്ച് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ